# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.23 — 03.02.2020-ൽ മറുപടിയ്ക്ക്

### രാജ്യത്തിന്റെ മതനിരപേക്ഷതയുടെ സംരക്ഷണം

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>പ്രൊഫ.കെ.യു.അരുണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഭരണഘടനാ തത്വങ്ങൾ ലംഘിച്ചുകൊണ്ട് രാജ്യത്തിന്റെ മതനിരപേക്ഷതയെ അട്ടിമറിയ്ക്കാനുള്ള ചില സംഘടനകളുടെ ശ്രമങ്ങളെ ചെറുക്കുന്നതിന് ബഹുജന മുന്നേറ്റം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) | പൗരത്വ ഭേദഗതി നിയമവും, ദേശീയ പൗരത്വ രജിസ്റ്ററും സമൂഹത്തിലെ ഒരു വിഭാഗത്തിന് പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിനും, ഭരണഘടനയെയും അതിന്റെ മതേതര മൂല്യങ്ങളേയും സംരക്ഷിക്കുന്നതിനും ഇത്തരം നിയമങ്ങളെ ഒറ്റക്കെട്ടായി എതിർക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് 29.12.2019-ന് ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത വിവിധ മത, സാമൂഹിക, സമുദായ സംഘടനാ നേതാക്കളേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗത്തിൽ ധാരണയായിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർനടപടികൾ സർക്കാർ ആലോചിച്ചു വരുന്നു. |
| (ബി) | ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | പൊതുജനങ്ങൾക്കിടയിൽ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വർഷവും നവംബർ 26-ന് "ഭരണഘടനാ ദിനം" സംസ്ഥാനമൊട്ടാകെ സമുചിതമായി ആചരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ